DESPATCHED 04/06/2020

31/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.3029(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.18768/SIC-Gen 2/2014**
സന്നിഹിതൻ
ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുരേഷ്കുമാർ .പി,
കണ്ണേറ് വിളാകം വീട്,
മണത്തോട്ടം, വെള്ളറട പി.ഒ.,
തിരുവനന്തപുരം ജില്ല. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   വെള്ളറട ഗ്രാമപഞ്ചായത്ത് കാര്യാലയം,
   പനച്ചമൂട് പി.ഒ., തിരുവനന്തപുരം – 695 505.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
   സിവിൽ സ്റ്റേഷൻ,
   തിരുവനന്തപുരം – 695 043.

— എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ വെള്ളറട ഗ്രാമപഞ്ചായത്തിലെ മണത്തോട്ടം വാർഡിലെ 2006-07 വർഷം മുതൽ 2013-14 വർഷം വരെ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നതാണ് അപ്പീലിന് അടിസ്ഥാനം.

2. ഇതുമായി ബന്ധപ്പെട്ട് 31.01.2020ൽ കമ്മീഷൻ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരന്റെ ഇതേ അപേക്ഷ CP No.923(6)/2014/SIC എന്ന ഫയലിൽ വരികയും ആയത് 4.05.2019ൽ ബഹു. വിവരാവകാശ കമ്മീഷണർ ഡോ.കെ.എൽ. വിവേകാനന്ദൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് എന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. ടി ഉത്തരവും അതിന് അടിസ്ഥാനമായ

വിവരാവകാശ അപേക്ഷയിൽ ടിയാൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ചെയ്തു.

4. ഇതെല്ലാം പരിശോധിച്ച കമ്മീഷൻ ഒന്നാം എതിർകക്ഷി പറഞ്ഞ കാര്യങ്ങൾ സത്യസന്ധമാണെന്ന് ബോധ്യപ്പെട്ടു. അതുകൊണ്ട് ഒരിക്കൽ കമ്മീഷൻ തന്നെ തീർപ്പാക്കിയ അപേക്ഷ വീണ്ടും പരിഗണിക്കേണ്ടതില്ല എന്നു വിലയിരുത്തി, ഈ അപ്പീൽ നിരസിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ജനുവരി മാസം 31-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

gk.